"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്-KLM- General-Impovements To Ayoor Ithikkara Road (FromKaringanoor To Oyoor) And Maruthamonpally Ambalamkunnu Road (From Poriyakode To Ambalamkunnu) - Oyoor Town Improvements in Ayoor Ithikkara Road, BM & BC And allied works in Maruthamonpally Ambalamkunnu Road Ch: 4/373 To 5/850, Chadayamangalam LAC General Civil Work - Balance Work-എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**പൊതുമരാമത്ത്(ജി) വകുപ്പ്**

സ.ഉ.(കൈ) നം.34/2026/PWD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. G.O.(P) No. 16/2017/Fin. Dated 06/02/2017
2. G.O(Rt)No.85/2023/PWD Dated 23/06/2023
3. പൊതുമരാമത്ത്(നിരത്തുകൾ വിഭാഗം) ചീഫ് എഞ്ചിനീയറുടെ 11/03/2026 തീയതിയിലെ CEPWD/11893/2025-C4(W)-RD നമ്പർ കത്ത്

**ഉത്തരവ്**

KLM- General-Impovements To Ayoor Ithikkara Road (FromKaringanoor To Oyoor) And Maruthamonpally Ambalamkunnu Road (FromPoriyakode To Ambalamkunnu) - Oyoor Town Improvements in Ayoor Ithikkara Road, BM & BC And allied works in Maruthamonpally Ambalamkunnu Road Ch: 4/373 To 5/850, Chadayamangalam LAC General Civil Work എന്ന പ്രവൃത്തിക്ക് മേൽ പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം 2,99,99,000/-രൂപക്ക് ഭരണാനുമതി നൽകിയിരുന്നതാണ്.അതേ തുകക്കു തന്നെ സാങ്കേതിക അനുമതിയും നൽകിയിരുന്നു.പ്രവൃത്തി ശ്രീ ജി.ഷാജി എന്നയാൾക്ക് നൽകിയെങ്കിലും അയാൾ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനാൽ അയാളെ പ്രവൃത്തിയിൽ നിന്ന് നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കി.ബാലൻസ് പ്രവൃത്തി കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് 2 തവണ ടെണ്ടർ ചെയ്തു.ആദ്യത്തെ ടെണ്ടറിൽ ഒരു ബിഡും ലഭിച്ചില്ല.രണ്ടാമത്തെ ടെണ്ടറിൽ 1 ബിഡ് ലഭിച്ചു.M/s Revive Construction Company 2,95,52,161.64/-രൂപക്കു ക്വാട്ടു ചെയ്തു.ഇത് എസ്റ്റിമേറ്റ് തുകയായ 2,18,72,538/-രൂപയേക്കാൾ 35.11% അധികമായിരുന്നു.കരാറുകാരനുമായി നെഗോഷിയേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുക 2,88,64,069.99/- ആയി കുറച്ചു.ഇത് EPAC യേക്കാൾ 31.96% അധികമായിരുന്നു.ഇത് പരാമർശം 1 ലെ ഉത്തരവു പ്രകാരം അനുവദനീയമായ പരിധിയേക്കാൾ അധികമായിരുന്നതിനാൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന് പരാമർശം 3 ലെ കത്തു പ്രകാരം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ ശോചനീയമാണെന്നും പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയ ഒന്നായതിനാലും ബാലൻസ് പ്രവൃത്തിക്ക് അഗീകാരം നൽകണമെന്ന് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.KLM- General-Impovements To Ayoor Ithikkara

Road (FromKaringanoor To Oyoor) And Maruthamonpally Ambalamkunnu Road (FromPoriyakode To Ambalamkunnu) - Oyoor Town Improvements in Ayoor Ithikkara Road, BM & BC And allied works in Maruthamonpally Ambalamkunnu Road Ch: 4/373 To 5/850, Chadayamangalam LAC General Civil Work - Balance Work ◌ന്ന പ്രവൃത്തിക്ക് M/s Revive Construction Company ക്വാട്ട് ചെയ്ത നെഗോഷിയേറ്റഡ് ക്വാട്ടഡ് തുകയായ 2,88,64,069.99/-(രണ്ടു കോടി എൺപത്തിയെട്ടു ലക്ഷത്തി അറുപത്തിനാലായിരത്തി അറുപത്തി ഒൻപതു രൂപ മാത്രം) EPAC യേക്കാൾ 31.96% അധികമായിരുന്ന സാഹചര്യത്തിൽ പരാമർശം 1 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ടെണ്ടറിൽ ലഭിച്ച നിരക്ക് /പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദനീയമായ പരമാവധി ടെണ്ടർ എക്സസ്" എന്നുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ വിഭാഗം),തിരുവനന്തപുരം

സൂപ്രണ്ടിംഗ് എഞ്ചിനീയർ,പൊതുമരാമത്ത് (നിരത്തുകൾ വിഭാഗം) ദക്ഷിണമേഖല, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എഞ്ചിനീയർ,പൊതുമരാമത്ത്(നിരത്തുകൾ വിഭാഗം),കൊല്ലം

ധനകാര്യ വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നം . OA 4031 dated 14/03/2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരളം,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by
Savitha o d
Date: 15-03-2026 15:14:32

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2026**

ഇനം നം: 4031
OA

വിഷയം : പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ആയൂർ - ഇത്തിക്കര റോഡ് (കാരിങ്ങന്നൂർ മുതൽ ഓയൂർ വരെ), മരുതമൺ പള്ളി - അമ്പലംകുന്ന് റോഡ് (പൊരിയക്കോട് മുതൽ അമ്പലംകുന്ന് വരെ) എന്നിവയുടെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് - ടെണ്ടർ എക്സസ് - അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. ടെണ്ടർ എക്സസ് അംഗീകരിക്കാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

OA-4031
14.03.2026

# കാബിനറ്റ് കുറിപ്പ് (Cabinet Note)

വിഷയം: കൊല്ലം ജില്ലയിലെ ആയൂർ - ഇത്തിക്കര റോഡ് (കാരിങ്ങന്നൂർ മുതൽ ഓയൂർ വരെ), മരുതമൺപള്ളി - അമ്പലംകുന്ന് റോഡ് (പൊരിയക്കോട് മുതൽ അമ്പലംകുന്ന് വരെ) എന്നിവയുടെ ബാക്കി പവൃത്തികൾ (**Balance Work**) പൂർത്തീകരിക്കുന്നതിനായി ടെണ്ടർ **excess** അംഗീകരിക്കുന്നത് സംബന്ധിച്ച്.

**1. പശ്ചാത്തലം**

ചടയമംഗലം നിയോജക മണ്ഡലത്തിലെ ഈ പ്രവൃത്തിക്കായി **23.06.2023-ൽ 2,99,99,000/-** രൂപയുടെ ഭരണാനുമതി (**A.S.**) ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി രണ്ടുതവണ ടെണ്ടർ ക്ഷണിച്ചു. ഒന്നാം തവണ ആരും പങ്കെടുത്തില്ല. രണ്ടാം തവണ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്.

**2. നിലവിലെ സാഹചര്യം**

നിലവിലെ എസ്റ്റിമേറ്റ് നിരക്ക് (**2018 DSOR**) **2,18,72,538/-** രൂപയാണ്. ചർച്ചകൾക്ക് ശേഷം (**Negotiation**) ലഭ്യമായ ഏറ്റവും കുറഞ്ഞ തുക **2,88,64,069.99/-** രൂപയാണ്. ഇത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ **31.96%** കൂടുതലാണ്.

**3. സാമ്പത്തിക വിശകലനം**

ലഭ്യമായ ക്വട്ടേഷൻ തുക വിവിധ മാനദണ്ഡങ്ങളുമായി താഴെ പറയും വിധം താരതമ്യം ചെയ്തിരിക്കുന്നു:

* എസ്റ്റിമേറ്റ് തുക (**2018 DSOR**): **₹ 2,18,72,538/-**

* നിലവിലെ വിപണി നിരക്ക് (**LMR**): **₹ 2,59,50,928.42/-**

* നിലവിലെ **DSOR (2021) + 10%: ₹ 2,63,08,959.51/-**

* നെഗോഷ്യേറ്റഡ് തുക: **₹ 2,88,64,069.99/-** (ഇത് **LMR** തുകയേക്കാൾ **29,13,140.97/-** രൂപ അധികമാണ്).

**4. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ (CTE) ശുപാർശ**

ധനകാര്യ വകുപ്പിലെ പരിശോധനയിൽ **CTE** താഴെ പറയുന്ന ഓപ്ഷനുകൾ നിർദ്ദേശിച്ചു:

* ഓപ്ഷൻ **A:** കരാറുകാരനുമായി വീണ്ടും ചർച്ച നടത്തി തുക **LMR** നിരക്കിലേക്ക് (**29.13** ലക്ഷം രൂപയുടെ കുറവ്) എത്തിക്കുക.

* ഓപ്ഷൻ **B:** കരാറുകാരൻ നിരക്ക് കുറയ്ക്കാൻ തയ്യാറല്ലെങ്കിൽ, കൂടുതൽ ടെണ്ടറുകൾ വരാൻ സാധ്യതയില്ലെന്ന് വകുപ്പിന് ബോധ്യമുണ്ടെങ്കിൽ, ഈ ടെണ്ടർ **excess** അംഗീകാരത്തിനായി മന്ത്രിസഭയുടെ (**Council of Ministers**) മുൻപാകെ സമർപ്പിക്കുക.

**5. ശുപാർശ**

ധനകാര്യ സെക്രട്ടറി പ്രവൃത്തി പുനർ-ടെണ്ടർ (**Retender**) ചെയ്യാൻ നിർദ്ദേശിച്ചുവെങ്കിലും, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി **CTE**-യുടെ ശുപാർശ (ഓപ്ഷൻ **2**) അംഗീകരിക്കുകയും ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.